# ജനാധിപത്യത്തിന്റെ നാനാർത്ഥങ്ങൾ

**രേഷ്മ ഭരദ്വാജ് / ദിലീപ് രാജ്**

സി.പി.എമ്മിനെ കേന്ദ്രീകരിച്ച് മുഖ്യധാരാ പ്രസിദ്ധീകരണങ്ങളിൽ നടക്കുന്ന ചർച്ചകൾ വായിക്കുമ്പോൾ ഒരു സാങ്കല്പിക ലോകത്തെത്തിയ പ്രതീതിയാണുണ്ടാവുക. പൊതുജനം എന്നതുതന്നെ ഒന്നടങ്കം പാർട്ടിക്കാരാണെന്ന പ്രതീതി. ജനാധിപത്യ ചർച്ചയെന്നാൽ സി.പി.എമ്മിനെപ്പറ്റിയുള്ള ചർച്ചയാണെന്ന വിഭ്രമം. പഴയ രാഷ്ട്രീയത്തിൽ ജനാധിപത്യം എന്നതും ജനം എന്നതുമൊക്കെ ശൂന്യരൂപകങ്ങളായിരുന്നു എന്നതാണു വാസ്തവം. ജനങ്ങൾക്കാണ് പരമാധികാരം എന്ന പേരിൽ പാർട്ടിക്കു പരമാധികാരം കയ്യാളാൻ കഴിയുമ്പോൾ വ്യത്യസ്തമായി എന്തെങ്കിലും പറയാൻ ശ്രമിക്കുന്നവരൊക്കെ 'ജന'മല്ലെന്ന് അയോഗ്യരാക്കപ്പെടുന്നു. ജനാധിപത്യം എന്ന ശൂന്യരൂപകത്തെ പുരോഗതി, ക്ഷേമം തുടങ്ങിയ കൂടുതൽ കൂടുതൽ ശൂന്യസങ്കല്പങ്ങളാൽ നിറയ്ക്കാനാണ് ആധുനികതയിൽ ശ്രമങ്ങൾ നടന്നത്. അതുകൊണ്ടുതന്നെ അധികാരം, വിമോചനം തുടങ്ങിയവ ഉപകരണാത്മകമായാണ് മനസ്സിലാക്കപ്പെട്ടത്. അതനുസരിച്ച് 'അധികാരം' കൊയ്യുന്ന വിപ്ലവം എന്ന മുഹൂർത്തത്തിലാണ് സാമൂഹ്യമാറ്റം നടക്കുന്നത്. വിപ്ലവകർതൃത്വം മുൻകൂട്ടിതന്നെ വിമോചിതമാവുകയും പ്രതിദ്വന്ദികളെ നേരിട്ട് സാമൂഹ്യമാറ്റം കൈവരിക്കുകയും ചെയ്യുന്നു എന്ന മാതൃകയാണ് പഴയ രാഷ്ട്രീയത്തിന്റേത്.

ഇത്തരം സാർവലൗകിക സങ്കല്പങ്ങൾക്കും മാർക്സിസത്തിന്റെ വർഗ്ഗന്യൂനീകരണ സമീപനത്തിനുമൊക്കെ മാരകമായ അടികളേല്പിക്കുന്ന പുതിയ സാമൂഹ്യപ്രസ്ഥാനങ്ങളും പ്രയോഗങ്ങളും കർതൃത്വത്തിന്റെ ബഹുലതയെ അംഗീകരിക്കുന്നവയാണ്. ഇന്നത്തെ കാലത്തെ രാഷ്ട്രീയത്തെക്കുറിച്ച്, മാർക്സിസാനന്തര ജനാധിപത്യത്തെക്കുറിച്ച്, സിവിൽ സമൂഹത്തെക്കുറിച്ചൊക്കെ ചർച്ച ചെയ്യുമ്പോൾ പ്രാഥമികമായിത്തന്നെ പാലിക്കേണ്ട ഒരു മര്യാദ മാർക്സിസത്തിനു പ്രാഥമ്യം നൽകുന്ന സ്വഭാവം മാറ്റിവെക്കുക എന്നതാവേണ്ടതുണ്ട്. മാർക്സിസത്തിനു പ്രാഥമ്യം കല്പിക്കുമ്പോൾ അത് അഭിസംബോധന ചെയ്യുന്ന പ്രശ്നങ്ങൾക്ക് പ്രാഥമ്യം നൽകുക എന്നും അതിന്റെ ചട്ടക്കൂടിൽ രാഷ്ട്രീയമല്ല എന്നു കരുതപ്പെടുന്ന ഒട്ടേറെക്കാര്യങ്ങൾ ചർച്ചയ്ക്കു പുറത്താവുക എന്നുമാണർത്ഥം. പോസ്റ്റ് മാർക്സിസത്തെക്കുറിച്ച് ചർച്ചചെയ്യാനുള്ള മാർഗ്ഗവും അതിന്റെ ലക്ഷ്യവും കേരളത്തിലെ പുതിയ സാമൂഹ്യപ്രസ്ഥാനങ്ങളുടെ അനുഭവങ്ങൾ ചർച്ചാവിധേയമാക്കുകയാണ് എന്ന അവ്യക്തമായ ദിശാബോധമാണ് 'കേരളീയ'ത്തിന്റെ ഈ ലക്കം പിന്തുടരുന്നത്.

പുതുസാമൂഹ്യപ്രസ്ഥാനങ്ങളെപ്പറ്റി സൈദ്ധാന്തികചർച്ച വേണോ എന്ന സന്ദേഹങ്ങളും പരിഹാസങ്ങളും തീർച്ചയായും പ്രതീക്ഷിക്കണം. കേവലം പ്രതീകാത്മകമല്ലാത്ത, മൂർത്തമായ ലക്ഷ്യങ്ങളും സർഗ്ഗാത്മകമായ സമരതന്ത്രങ്ങളുമൊക്കെയുള്ള പുതുപ്രസ്ഥാനങ്ങളെ വിശകലനം ചെയ്യാൻ പുതിയ സൈദ്ധാന്തിക സമീപനം ആവശ്യമാണ്. വളരെ അത്യാവശ്യമാണ്. പ്രസ്ഥാനങ്ങൾക്കുവേണ്ടി സിദ്ധാന്തമുണ്ടാക്കുക എന്നല്ല, പ്രസ്ഥാനങ്ങൾക്കുള്ളിലെ സിദ്ധാന്തങ്ങളിൽ നിന്നും പഠിക്കുക എന്നു കൂടിയാണിതിന്റെ വിവക്ഷ.

സമകാല സാമൂഹ്യപ്രസ്ഥാനങ്ങളുടെ ശ്രദ്ധേയമായ ഒരു സവിശേഷത ആദിത്യനിഗം എടുത്തു പറയുന്നത് പ്രധാനമാണ്. മുമ്പ് വിപ്ലവരാഷ്ട്രീയം വ്യവസ്ഥാവിരുദ്ധവും സാമൂഹ്യമാറ്റം മുന്നിൽക്കാണുന്നതുമായിരുന്നു. ഇന്നാകട്ടെ കാര്യങ്ങൾ കീഴ്മേൽ മറിഞ്ഞിരിക്കുന്നു. നിലനിൽക്കുന്നവയെ സംരക്ഷിക്കാനാണ് ഇന്നത്തെ പ്രധാന പ്രസ്ഥാന

ങ്ങളെല്ലാംതന്നെ ശ്രമിക്കുന്നത്. സംരക്ഷണമാണ്, പരിവർത്തനമല്ല അവയുടെ ലക്ഷ്യം. പെരിയാർ സംരക്ഷണം മുതൽ പൊതുമേഖലാ സംരക്ഷണംവരെ. ജലസംരക്ഷണം മുതൽ തൊഴിൽസംരക്ഷണം വരെ. ഈ പ്രസ്ഥാനങ്ങളെയും അവയിലെ പുതിയ രാഷ്ട്രീയകർതൃത്വങ്ങളെയും അവ സാധ്യമാക്കുന്ന സിവിൽസമൂഹത്തെയും മനസ്സിലാക്കണമെങ്കിൽ ജനകീയ സാംസ്കാരിക വേദി തുടങ്ങിയ നൊസ്റ്റാൾജിയയൊക്കെ തത്ക്കാലത്തേക്കു മാറ്റുന്നതുതന്നെയാവും ഉചിതം. ബൂർഷ്വാ സിവിൽ സമൂഹത്തിന്റെ സ്ഥാപനങ്ങളും സംസ്കാരവുമായി സമ്പൂർണ്ണവിച്ഛേദം സ്വപ്നം കാണുന്ന വിപ്ലവകാരികളായി സ്വയം മനസ്സിലാക്കുന്നവരല്ല പുതിയ രാഷ്ട്രീയ കർത്താക്കൾ. പുതിയ സ്വത്വങ്ങൾക്ക് വിപ്ലവ-ഇടതു രാഷ്ട്രീയസംസ്കാരത്തിന്റെ പൂർണ്ണവത്കരണ ബാധ തെല്ലുമില്ല. അധികാരത്തെ പ്രശ്നവത്കരിക്കുക എന്നല്ലാതെ അധികാരം പിടിച്ചെടുക്കൽ അതു ലക്ഷ്യമാക്കുന്നില്ല. അതുകൊണ്ടുതന്നെ ഇഷ്ടാനുസരണം നായകരോ വില്ലന്മാരോ ആക്കാവുന്ന ദുരന്തകഥാപാത്രങ്ങളുടെ പ്രതിച്ഛായ രാഷ്ട്രീയകർത്താക്കൾക്ക് ഇന്നില്ല.

**മുമ്പ് വിപ്ലവരാഷ്ട്രീയം വ്യവസ്ഥാവിരുദ്ധവും സാമൂഹ്യമാറ്റം മുന്നിൽക്കാണുന്നതുമായിരുന്നു. ഇന്നാകട്ടെ കാര്യങ്ങൾ കീഴ്മേൽ മറിഞ്ഞിരിക്കുന്നു. നിലനിൽക്കുന്നവയെ സംരക്ഷിക്കാനാണ് ഇന്നത്തെ പ്രധാന പ്രസ്ഥാനങ്ങളെല്ലാംതന്നെ ശ്രമിക്കുന്നത്. സംരക്ഷണമാണ്, പരിവർത്തനമല്ല അവയുടെ ലക്ഷ്യം. പെരിയാർ സംരക്ഷണം മുതൽ പൊതുമേഖലാ സംരക്ഷണംവരെ. ജലസംരക്ഷണം മുതൽ തൊഴിൽസംരക്ഷണം വരെ.**

വികേന്ദ്രീകൃതമായ വിഷയീസങ്കല്പം കൂടാതെ ഇന്നത്തെ രാഷ്ട്രീയത്തെക്കുറിച്ചാലോചിക്കാനാവില്ല. ഏകകർത്താവിനെ (അത് ലിബറലിസത്തിന്റെ വ്യക്തിയായാലും മാർക്സിസത്തിലെ വർഗ്ഗമായാലും) പ്രശ്നവത്കരിക്കുകയും കർതൃത്വത്തിലെ ബഹുത്വമംഗീകരിക്കുകയും ചെയ്യുന്നവയാണ് പുതുസാമൂഹ്യപ്രസ്ഥാനങ്ങൾ. പുതിയ അവകാശങ്ങൾക്കുവേണ്ടി വ്യത്യാസങ്ങളുടെ അടിസ്ഥാനത്തിൽ ശബ്ദമുയർത്തുന്നു എന്നതു മാത്രമല്ല ശ്രദ്ധേയം. അവയെയൊന്നും സാർവലൗകികവത്കരിക്കുന്നില്ല എന്നതാണ്. അമൂർത്തവും സാർവജനീനവുമായ വ്യക്തി (മനുഷ്യ) സങ്കല്പത്തിൽനിന്നും പുറത്താക്കപ്പെട്ട മുഴുവൻ പ്രത്യേകങ്ങളെയും വ്യത്യാസങ്ങളെയും വൈവിധ്യങ്ങളെയും അംഗീകരിക്കാനാവശ്യപ്പെടുകയാണ് ഇന്ന് ജനാധിപത്യം ചെയ്യുന്നത്. സാർവജനീനതയെക്കുറിച്ചുള്ള അവകാശവാദങ്ങൾ കയ്യൊഴിക്കപ്പെടുന്നു. ഇതിനർത്ഥം ആധുനികതയെ നിരാകരിക്കുക എന്നല്ല. അതിലെ ഒരു പദ്ധതിയായ ജ്ഞാനോദയത്തിന്റെ ആധാരസങ്കല്പങ്ങൾ പ്രതിസന്ധിയിലാണെന്നംഗീകരിക്കലാണ്. ജനാധിപത്യസ്ഥാപനത്തിന് ഇന്നവ വിഘാതമാണ്. ജനാധിപത്യപരമായ ആവിഷ്കാരങ്ങളെയും സംവാദങ്ങളെയും ഉയർത്തിപ്പിടിക്കുമ്പോൾത്തന്നെ സാർവലൗകികയുക്തിയെ ആധാരമാക്കി മാത്രമേ അതു കഴിയൂ എന്ന പിടിവാശി കയ്യൊഴിയുകയാണ് ആവശ്യമായിട്ടുള്ളത്.

ഭരണകൂടത്തിനും കമ്പോളത്തിനുമെതിരെ സമൂഹത്തിന്റെ സ്വയംപ്രതിരോധം ഉയർത്തിപ്പിടിക്കുന്ന ഈ പ്രസ്ഥാനങ്ങളുടെ പുതുമ അവയുടെ വൈവിധ്യം കൂടിയാണ്. ഈ പ്രസ്ഥാനങ്ങളും സിവിൽസമൂഹവും ഉണ്ടായിത്തീരുന്നതും നിപതിക്കുന്നതും ഒരുമിച്ചാണ്. പുതുപ്രസ്ഥാനം തന്നെയാണ് പുതുസന്ദേശം.

എതിർക്കേണ്ട പ്രതിദ്വന്ദിയെയും എതിർക്കാനുള്ള വിപ്ലവകർതൃത്വത്തെയും മുൻകൂർ നിശ്ചയിച്ച്, വിമോചിത രാഷ്ട്രീയകർതൃത്വം ആദ്യം തന്നെ സ്വീകരിച്ച് മാത്രമേ പ്രതിരോധം സാധ്യമാവൂ എന്നാണ് പഴയ രാഷ്ട്രീയത്തിന്റെ മുൻധാരണ. പുതുപ്രസ്ഥാനങ്ങളിൽ പ്രവർത്തനമാണ് പ്രധാനം, വ്യവസ്ഥയോ കർത്താവോ അല്ല. സവിശേഷ സാഹചര്യങ്ങളിൽ പ്രതിരോധമുണ്ടാവുകയാണ്, അതിനുള്ള ശേഷി ആദ്യമേ ഉണ്ടാക്കിയശേഷം നടപ്പാക്കുകയല്ല. പ്രവർത്തനങ്ങളിലൂടെ ഉണ്ടാവുന്നതും മാറുന്നതുമാണ് കർതൃത്വം. മുൻകൂട്ടിതന്നെ ഉറപ്പിക്കുന്നതല്ല. ഏകകർതൃത്വധാരണ കയ്യൊഴിയുകയും ഏകാത്മകചരിത്രസങ്കല്പം കൈവിടുകയും എല്ലാ പ്രശ്നങ്ങൾക്കും കാരണമാകുന്ന ഏക ശത്രു എന്ന പ്രതിദ്വന്ദിത്വം കൈവെടിയുകയും ചെയ്താൽ രാഷ്ട്രീയപ്രവർത്തനത്തിന്റെ സാധ്യതകൾ കൂടുകയാണു ചെയ്യുക. നിയമം, കുടുംബം, സംസ്കാരം തുടങ്ങിയ വ്യത്യസ്ത മണ്ഡലങ്ങളിൽ സവിശേഷമായ ഇടപെടലുകൾക്കു സാഹചര്യമൊരുങ്ങും.

## (സ്വ‍ീ) കർത്താക്കളോ പ്രതികർത്താക്കളോ?

പുതു സാമൂഹ്യപ്രസ്ഥാനങ്ങളുടെ സുപ്രധാനനേട്ടം മുമ്പു രാഷ്ട്രീയമല്ല എന്നു കരുതിയ പല പ്രശ്നങ്ങളും രാഷ്ട്രീയപ്രശ്നങ്ങളാക്കി മാറ്റാൻ കഴിഞ്ഞതാണ്. ഇന്നിപ്പോൾ അവയെ വീണ്ടും വികസനവാദ ചട്ടക്കൂടിൽ നിന്നുകൊണ്ടുള്ള വ്യവഹാരങ്ങളിലേക്ക് സ്വാംശീകരിക്കാനുള്ള ശ്രമങ്ങൾ രാഷ്ട്രീയ മണ്ഡലത്തിലും വിദഗ്ദ്ധഭാഷണങ്ങളിലും ശക്തിപ്പെട്ടിരിക്കുന്നു. ജനകീയാസൂത്രണത്തെയും കുടുംബശ്രീയെയുംപറ്റിയൊക്കെയുള്ള ചർച്ചകൾക്ക് ഇത്തരത്തിൽ അരാഷ്ട്രീയ സ്വഭാവമുണ്ട്.

സാമൂഹ്യക്ഷേമ പരിപാടികളുടെ മുഖ്യസ്വീകർത്താക്കളായാണ് സ്ത്രീകളെയും ദലിതരെയും ആദിവാസികളെയുമൊക്കെ ഈ അധീശവ്യവഹാരം പരിഗണിക്കുന്നത്. ഭരണകൂടത്തിന്റെ ക്ഷേമകർത്തവ്യങ്ങൾ എന്ന ഒറ്റ ചട്ടക്കൂടുമാത്രം ചർച്ചയ്ക്കുണ്ടാവുമ്പോൾ അതിന്റെ അളവ് എത്രത്തോളം എന്ന തർക്കം മാത്രമേ പിന്നീടുള്ളൂ. ആളുകളുടെ ആവശ്യങ്ങളെന്താണെന്നത് തർക്കരഹിതമായി അംഗീകരിക്കപ്പെട്ടതുമാതിരിയാണ് തുടർചർച്ചകൾ. വാസ്തവത്തിൽ ജനങ്ങളുടെ ആവശ്യങ്ങൾ വ്യാഖ്യാനിക്കുന്നതിൽതന്നെയാണ് രാഷ്ട്രീയത്തിന്റെ പ്രസക്തി. ആവശ്യവ്യാഖ്യാനത്തിൽ അവസാനവാക്ക് ആരുടേതാവണം എന്നതാണ് രാഷ്ട്രീയപ്രശ്നം.

ജനങ്ങളുടെ ആവശ്യങ്ങൾ എതിർഭാഷണങ്ങളിലൂടെ അടിയിൽനിന്നും രാഷ്ട്രീയവത്കരിക്കുകയാണ് പുതുസാ

മൂഹ്യപ്രസ്ഥാനങ്ങൾ ചെയ്യുന്നത്. ഈ പ്രക്രിയയിലൂടെയാണ് പുതുകർത്താക്കളും പ്രസ്ഥാനങ്ങളും ഉണ്ടാകുന്നത്. വിദഗ്ദ്ധഭാഷണങ്ങൾ ഇവയെ ഭരണഭാഷയിലേക്ക് തർജ്ജിമ ചെയ്ത് ഭരണകൂടവുമായി ബന്ധിപ്പിക്കാൻ ശ്രമിക്കുന്നു. ആവശ്യങ്ങളെ രാഷ്ട്രീയവത്കരിക്കുന്ന പ്രക്രിയയിൽ കൈവരിച്ച എതിർപ്പിന്റെ സ്വഭാവം ചോർത്തിക്കളയാനും പ്രസ്ഥാനത്തെ സക്രിയ കർത്താക്കൾ എന്നതിനു പകരം നിഷ്ക്രിയസ്വീകർത്താക്കളാക്കി മാറ്റാനുമാണ് ഇതിൽ ശ്രമമുണ്ടാവാറുള്ളത്. ഈ പശ്ചാത്തലത്തിൽ സമരങ്ങൾക്കു മുമ്പുള്ള അംഗീകൃതധാരണകൾ തിരിച്ചുകൊണ്ടുവരാനും സമരങ്ങളെ സ്വാംശീകരിക്കാനുമായി വ്യവസ്ഥാപിത ശക്തികൾ രംഗത്തുവരും.

മുമ്പു രാഷ്ട്രീയമല്ലാത്ത മേഖലകൾ രാഷ്ട്രീയവത്കരിക്കുമ്പോൾ സാമൂഹ്യപ്രസ്ഥാനങ്ങൾ 'സാമൂഹ്യ'മണ്ഡലത്തിൽ പ്രവേശിക്കും. അവിടെ രണ്ടുതരം സമരങ്ങൾ (അധീശവ്യാഖ്യാനങ്ങളെ എതിർക്കുക, വിദഗ്ദ്ധഭാഷണങ്ങളെ നേരിടുക) കൂടി നടത്തേണ്ട സ്ഥിതിയാണുള്ളത്. ഇത് ഏറെ പ്രധാനവും സങ്കീർണ്ണവുമായ ഒരു പ്രക്രിയയാണ്. സാമൂഹ്യപ്രസ്ഥാനങ്ങളോട്, അവർ നടത്തുന്ന ആവശ്യ വ്യാഖ്യാനങ്ങളോട് ഒട്ടും സംഭാഷണപരമല്ലാത്ത ഏകഭാഷണങ്ങളാണ് പലതരം വിദഗ്ദ്ധർ നടത്താറുള്ളത്. സാമൂഹ്യശാസ്ത്രജ്ഞരും ബുദ്ധിജീവികളും സൈക്കോളജിസ്റ്റുകളുമൊക്കെ ഈ വിധത്തിൽ പ്രശ്നങ്ങളെ അരാഷ്ട്രീയവത്കരിക്കാൻ പ്രാപ്തിയുള്ളവരാണ്.

**കോടതിവിധി എന്ന അധീശാഖ്യാനം കഥയല്ല യാഥാർത്ഥ്യമാണ് എന്നും റജീനയുടെ മൊഴി വെറും കഥയാണെന്നും സ്വീകരിക്കപ്പെടുന്നതെന്തുകൊണ്ട്? യാഥാർത്ഥ്യത്തെ സംബന്ധിക്കുന്ന ബദൽ ആ(വ്യാ)ഖ്യാനങ്ങളെ അയോഗ്യമാക്കാൻ നിയമത്തിനു കഴിയുന്നതെങ്ങനെ? കോടതിയുടെ വിധി മാറ്റങ്ങൾ ആധികാരികവും സ്ത്രീകളുടെ മൊഴിമാറ്റങ്ങൾ കാപട്യവുമാവുന്നതെങ്ങനെ?**

ഉദ്യോഗസ്ഥ സംവിധാനങ്ങളാവട്ടെ ഗുണഭോക്താക്കളെ അവകാശം നിഷേധിക്കപ്പെട്ട നിവേദകരായിട്ടാണു കാണുന്നത്. സ്വയംനിർവചനങ്ങൾ അസാധുവാക്കിക്കൊണ്ട് നിഷ്ക്രിയ സ്വീകർത്താക്കളാക്കി മറ്റാനാണ് ഉദ്യോഗസ്ഥ നിർവചനങ്ങൾ ശ്രമിക്കുന്നത്. സ്വന്തം ജീവിതസാഹചര്യങ്ങൾ സക്രിയമായി മാറ്റുന്നതിൽ പങ്കാളിത്തമനുവദിക്കാത്ത പങ്കാളിത്തവികസനമാണ് നടപ്പാക്കപ്പെടുന്നത്. സാമൂഹ്യാവശ്യങ്ങളുടെ വ്യാഖ്യാനത്തെ ഭരണ-നിയമ തലങ്ങളിൽ മാനേജു ചെയ്യുക എന്നതാണ് തന്ത്രം. ജനങ്ങളുടെ ആവശ്യങ്ങളുന്നയിക്കുന്ന എല്ലാ രാഷ്ട്രീയപ്രശ്നങ്ങളെയും ഉടനടി നിയമ, ഭരണ വിഷയങ്ങളാക്കി പരിഭാഷപ്പെടുത്തി അരാഷ്ട്രീയവത്കരിച്ചാണ് ക്ഷേമപ്രവർത്തനങ്ങൾ നടത്തപ്പെടുന്നത്. ചുരുക്കത്തിൽ, സംഭാഷണപരവും പങ്കാളിത്താധിഷ്ഠിതവുമായ ആവശ്യവ്യാഖ്യാന പ്രക്രിയകളെ ഉദ്യോഗസ്ഥനിയന്ത്രിതമായ ഏകഭാഷണങ്ങൾകൊണ്ട് പകരം വെക്കുന്നു.

വ്യക്തികളും ഉപഭോക്താക്കളുമായി ആദിവാസികളെ കാണാൻ കഴിയുമെങ്കിൽ ആദിവാസികൾക്കു ഭൂമി നല്കിയാൽ അന്യാധീനപ്പെട്ടുപോവുമോ എന്ന ആധിയെന്തിന്? സ്റ്റൈപ്പന്റ് അവകാശമാണെന്നംഗീകരിക്കാമെങ്കിൽ ദലിത് വിദ്യാർത്ഥികൾക്കുനേരെയുള്ള ഉദ്യോഗസ്ഥമേധാവിത്ത സമീപനമെന്തിന്? പണിയില്ലാത്ത അച്ഛൻ എന്ന നിലയ്ക്ക് പുരുഷന്മാർ തൊഴിലില്ലായ്മാവേതനം വാങ്ങുന്നില്ലെങ്കിൽ സ്ത്രീകൾക്കുള്ള പദ്ധതികൾ മുഴുവൻ 'വീട്ടമ്മ'മാർക്കു വേണ്ടിയാക്കുന്നതെന്തിന്?

സ്ത്രീകളും ദലിതുകളുമൊക്കെ വ്യക്തികളും പൗരരുമായി അവകാശങ്ങളനുഭവിക്കുകയല്ല ആശ്രിതരായി ഔദാര്യം പറ്റാൻ നിർബന്ധിക്കപ്പെടുകയാണ്. സർക്കാർ വ്യാഖ്യാനങ്ങൾ ചാർത്തുന്ന ഈ സ്വത്വങ്ങൾ ശാക്തീകരിക്കപ്പെടുകയല്ല, നിർവീര്യമാക്കപ്പെടുകയാണ്. ശാക്തീകരണത്തിന് സാഹചര്യമുണ്ടാക്കുന്നത് പുതിയ സാമൂഹ്യപ്രസ്ഥാനങ്ങളാണ്.

ഈ സാമൂഹ്യപ്രസ്ഥാനങ്ങൾ ഉണ്ടാവുന്നതിലൂടെ നിലവിൽ വരുന്ന സാമൂഹ്യമണ്ഡലത്തിൽ രാഷ്ട്രീയസംഘർഷങ്ങൾക്കൊപ്പം ഭരണകൂട പ്രവർത്തനങ്ങളും നടക്കുന്നുണ്ട്. വിദഗ്ദ്ധരുടെയും വ്യവസ്ഥാപിത രാഷ്ട്രീയക്കാരുടെയും ഏകഭാഷണങ്ങൾ ഒരർത്ഥത്തിൽ സാമൂഹ്യപ്രസ്ഥാനങ്ങളെ സ്വാംശീകരിക്കാൻ കൂടിയുള്ളതാണ്. സാമൂഹ്യ പ്രസ്ഥാനങ്ങൾ സംഭാഷണസന്നദ്ധവും പങ്കാളിത്തസന്നദ്ധവുമാണ്. അവ പുതുതായി രാഷ്ട്രീയവത്കരിക്കപ്പെട്ട വിഭാഗങ്ങളെ പ്രതിനിധീകരിച്ച് ബദൽ ആവശ്യവ്യാഖ്യാനങ്ങൾ ഫലപ്രദമായും രാഷ്ട്രീയമായും ഉയർത്തിക്കൊണ്ടിരിക്കുന്നു.

അധീശമാധ്യമങ്ങളുടെയും മേധാവിത്ത വിഭാഗങ്ങളുടെയും രീതി എതിർവാദങ്ങളെ ഒഴിവാക്കി വ്യാഖ്യാനിക്കുക എന്നതാണ്. പ്ലാച്ചിമട പ്രശ്നത്തെപ്പറ്റി അങ്ങേയറ്റം സംവാദവിമുഖമായി ആനന്ദ് പ്രതികരിക്കുന്നത് ഇതിന് ഒന്നാന്തരം ഉദാഹരണമാണ്. ഇവ വെറും വിശകലനശ്രമങ്ങളല്ല, ഇടപെടലുകളാണ്. ആവശ്യങ്ങളെക്കുറിച്ചുള്ള രാഷ്ട്രീയവ്യാഖ്യാനങ്ങളെ ആവശ്യപൂർത്തീകരണം എന്ന മാനേജ്മെന്റ് പ്രശ്നമാക്കി വെട്ടിച്ചുരുക്കി ചർച്ച ചെയ്യുക എന്നതാണ് സ്വാംശീകരണത്തിന്റെ രീതി.

## വിധിമാറ്റവും മൊഴിമാറ്റവും

ലൈംഗികപീഡനങ്ങൾപോലുള്ള അധികാരപ്രയോഗങ്ങളെ നിയമം എന്ന മറ്റൊരധികാരപ്രയോഗം കൊണ്ടു നേരിടാമോ എന്ന വെല്ലുവിളി കേരളത്തിലെ പുതുസാമൂഹ്യപ്രസ്ഥാനങ്ങൾ ഇന്ന് അടിയന്തിര പ്രാധാന്യത്തോടെ അഭിമുഖീകരിക്കുകയാണ്. പരമ്പരാഗതമായി രാഷ്ട്രീയത്തിൽനിന്നു പുറത്താക്കപ്പെട്ട സ്വത്വം, കുടുംബം, ലൈംഗികത, സമ്മതം തുടങ്ങിയ കാര്യങ്ങൾ രാഷ്ട്രീയപ്രശ്നങ്ങളാണെന്ന് ഇന്ന് അംഗീകരിക്കേണ്ടി വന്നിട്ടുണ്ട്. വ്യവസ്ഥാപിത ഇടതുപക്ഷം യഥാർത്ഥ രാഷ്ട്രീയത്തിനു പുറത്ത് മാറ്റിനിർത്തുന്ന ഈ മണ്ഡലങ്ങളെ താവളമാക്കി ഒരു നവവലതുപക്ഷ രാഷ്ട്രീയം കേരളത്തിൽ ശക്തി പ്രാപിക്കുന്നത് വേണ്ടത്ര വിലയിരുത്തപ്പെട്ടിട്ടില്ല. ഈ നവവലതുപക്ഷത്തിന്റെ മാന്ത്രികപദം 'കുടുംബം' എന്നതാണ്. ഈ മാന്ത്രികപദ പ്രയോഗമേറ്റാൽ പുരുഷാധികാരത്തിനെതിരായ വാദങ്ങൾ

യാഥാസ്ഥിതിക സാമൂഹ്യരൂപങ്ങളുടെ സംരക്ഷണത്തിനായുള്ളതായി രൂപംമാറും വിധം ശക്തമാണ് അത്തരം വ്യവഹാരങ്ങൾ. ഇതിന്റെ ദുരന്തമേറ്റു വാങ്ങുന്നത് ന്യൂക്ലിയർ കുടുംബത്തിന്റെ പതാകപുതയ്ക്കാത്ത എല്ലാവരുമാണ്- ഒറ്റയ്ക്കു ജീവിക്കുന്നവർ, വിവാഹമോചനം നേടിയവർ, സ്വവർഗ്ഗപ്രേമികൾ... കുടുംബം അച്ചടക്കത്തിന്റെ ആദർശ മണ്ഡലവും പുറംലോകം അരാജകത്വത്തിന്റെ ആഘോഷവേദിയുമാണെന്ന പൊതുധാരണ പ്രബലമാവുമ്പോൾ ഗാർഹിക പീഡനത്തെ രാഷ്ട്രീയപ്രശ്നമായുയർത്താനുള്ള ശ്രമങ്ങളടക്കം ദുർബലമായിത്തീരുന്നു. കുടുംബത്തിനുള്ളിലെ സമരം (മാത്രം) ആയി ഫെമിനിസത്തെ അവതരിപ്പിക്കാൻ സമ്മർദ്ദമുണ്ടാവുന്നു.

കോടതിവിധി എന്ന അധീശാഖ്യാനം കഥയല്ല യാഥാർത്ഥ്യമാണ് എന്നും റജീനയുടെ മൊഴി വെറും കഥയാണെന്നും സ്വീകരിക്കപ്പെടുന്നതെന്തുകൊണ്ട്? യാഥാർത്ഥ്യത്തെ സംബന്ധിക്കുന്ന ബദൽ ആ(വ്യാ)ഖ്യാനങ്ങളെ അയോഗ്യമാക്കാൻ നിയമത്തിനു കഴിയുന്നതെങ്ങനെ? കോടതിയുടെ വിധി മാറ്റങ്ങൾ ആധികാരികവും സ്ത്രീകളുടെ മൊഴിമാറ്റങ്ങൾ കാപട്യവുമാവുന്നതെങ്ങനെ?

സാമൂഹ്യപ്രസ്ഥാനങ്ങളെക്കാൾ നിയമത്തെ വിലമതിക്കുന്ന പൊതുബോധത്തിന്റെ പരിണതഫലമാണ് ഇതൊക്കെയും. നിയമം എന്നത് സ്വതന്ത്രമായ ഒരത്ഭുത പ്രതിഭാസമൊന്നുമല്ല. പ്രത്യേകസാമൂഹ്യ, ചരിത്രസന്ദർഭങ്ങളിൽ രൂപം കൊള്ളുന്നതാണ്. സമകാലപ്രശ്നങ്ങൾ പലരും 'നിയമം' എന്ന പ്രശ്നമണ്ഡലത്തിൽ ചർച്ച ചെയ്യുന്നതിനുപകരം 'ലൈംഗികത' എന്ന പ്രശ്നമണ്ഡലത്തിൽ ചർച്ച ചെയ്യുകയാണെങ്കിൽ കുറേക്കൂടി രാഷ്ട്രീയസ്വഭാവം നിലനിർത്താൻ കഴിയും.

നിയമം എന്ന ഏകവചനംതന്നെ ഏറെ തെറ്റിദ്ധാരണാജനകമാണ്. ഈ ഏകാത്മകത അവകാശപ്പെടുന്നതിലൂടെ അതു ശാക്തീകരിക്കപ്പെടുകയും ബദൽ വ്യാഖ്യാനങ്ങൾ നിർവീര്യമാക്കപ്പെടുകയും ചെയ്യുന്നുണ്ട്. ബലാത്സംഗത്തെക്കുറിച്ച് സ്ത്രീകളുടെ അനുഭവം കളവും നിയമനിർവചനം സത്യവുമാണ് എന്ന് സ്ഥാപിക്കാനുള്ള ശക്തി അതിനുണ്ടാവുന്നതിങ്ങനെയാണ്. നിയമേതര സമരതന്ത്രങ്ങൾക്കും വിമർശനാത്മകസമീപനങ്ങൾക്കുമുള്ള പ്രാമുഖ്യം അതീവ നിർണായകമാണ്.

നിയമത്തിന്റെ അധികാരപ്രയോഗം വിധികളിലൂടെ മാത്രമല്ല ഉണ്ടാവുന്നത്. നിയമേതരമായ അനുഭവങ്ങളെയും അറിവുകളെയും അയോഗ്യമാക്കിത്തീർക്കുന്നതിലൂടെയാണ്. അനുഭവിക്കുന്നവർ നിശ്ശബ്ദരാവുക, നിയമവ്യവസ്ഥ അവരെ പ്രതിനിധീകരിക്കുക എന്നതാണ് വ്യവസ്ഥയുടെ നിയമം. വന്നുവന്ന് ഏതു പ്രശ്നവും നിയമപ്രശ്നമായി പരിഭാഷപ്പെടുത്തിയില്ലെങ്കിൽ പ്രശ്നംതന്നെയാവില്ല എന്ന നിലയായിട്ടുണ്ട്. നിയമത്തിന് എല്ലാം ദഹിക്കില്ല. പരാതിക്കാരി പറയുന്നതല്ല, അറിയാതെ പറയുന്നതാണ് അവിടെ പ്രസക്തം. അല്ലെങ്കിൽ പ്രതികൾ കൂടുതലിഷ്ടപ്പെടുന്ന ഒന്നായി നിയമം മാറുന്നതെങ്ങനെ?

ഏപ്രിൽ 22
ഭൂമിദിനം
പ്ലാച്ചിമട സമരം
മൂന്നാം വാർഷികം
കേരളീയം
പ്രത്യേക പതിപ്പ്
പ്രതീക്ഷിക്കുക

**വാർത്തകൾക്കുള്ളിലെ സത്യാന്വേഷണം**



കൃഷി, പരിസ്ഥിതി, ദളിത്,
സ്ത്രീനീതി, മനുഷ്യാവകാശം,
ഉപഭോക്തൃസംരക്ഷണം,
വിദ്യാഭ്യാസം, ആരോഗ്യം

**വാർത്തകൾ,**
**കുറിപ്പുകൾ, വിശകലനം**

**കേരളീയം**

വരിസംഖ്യാനിരക്ക്
തപാലിൽ ലഭിക്കാൻ

12 ലക്കങ്ങൾ
സ്ഥാപനങ്ങൾക്ക് 350 രൂപ
വ്യക്തികൾക്ക് 180 രൂപ

ആജീവാനാന്ത (10 വർഷം)
വരിസംഖ്യ 2000 രൂപ

ട്രസ്റ്റ് അംഗത്വം 6000 രൂപ

**M.O./D.D./P.O. അയയ്ക്കുക**

മാനേജർ,
കേരളീയം
കൊക്കാലെ, തൃശൂർ - 21
0487-2421385/9447674375
E-mail: keraleeyamtcr@rediffmail.com

പാരിസ്ഥിതിക വിവേകത്തിനായി
ഒരു മുഖക്കണ്ണാടി